II ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ

ശ്രീ. ടി. കെ. ബാലൻ : സർ, നമ്മുടെ സംസ്ഥാനത്ത് റോഡപകടം വളരെയേറെ വർദ്ധിച്ചുവരികയാണ്. ദിവസേന എല്ലാ ജില്ലകളിലും ഇത്തരത്തിലുള്ള അപകടത്തിന്റെ വാർത്ത കാണാം. പക്ഷേ വന്നുവന്ന് ഇപ്പോൾ വാർത്തയ്ക്കുതന്നെ പുതുമയില്ലാത്ത ഒരു സ്ഥിതി വന്നിരിക്കുന്നു. 2002-ൽ നമ്മുടെ സംസ്ഥാനത്ത് 4,000 ആളുകൾ റോഡ് ആക്സിഡന്റിൽ മരണപ്പെട്ടു. ഒരു വർഷത്തിനിടയിൽ പരുക്കേറ്റവരാണെങ്കിൽ 69,460 പേരാണ്. 2003-ൽ ആദ്യത്തെ ആറു മാസക്കാലത്തിനിടയ്ക്ക് 2300 ആളുകൾ റോഡപകടത്തിൽ മരിച്ചു എന്നാണ് കണക്ക്. മറ്റൊരു കാര്യം, റോഡപകടം ഇന്ന് ഏറ്റവും കൂടുതൽ നടക്കുന്നത് എറണാകുളം ജില്ലയിൽ ആണെന്നാണ് കണക്ക്. കേരളത്തിൽ ദിനംപ്രതി 105 റോഡപകടങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ റോഡപകടങ്ങളിൽ ഏകദേശം 144 ആളുകൾ പരുക്കേൽക്കുകയോ കൊല്ലപ്പെടുകയോ ചെയ്യുകയാണ്. ഇരുചക്രവാഹനങ്ങൾമൂലമുള്ള അപകടം ദിനംപ്രതി ഏകദേശം 32 ആണ്. 1991-ൽ റോഡപകടം ഒരു ദിവസം 57 ആയിരുന്നെങ്കിൽ ഇന്ന് ഓരോ ദിവസത്തേയും അപകടം 105 ആയിരിക്കുകയാണ്. റോഡിന്റെ സ്ഥിതി പരിശോധിച്ചുനോക്കുകയാണെങ്കിൽ കേരളത്തിൽ 1.38 ലക്ഷം മീറ്റർ റോഡാണുള്ളത്. അതിൽ പൊതുമരാമത്തു വകുപ്പിനു 21.347 കിലോമീറ്ററും ദേശീയ പാതയ്ക്ക് 1524 കിലോമീറ്ററും റോഡാണുള്ളത്. റോഡിന്റെ വർദ്ധനവ് നാമമാത്രമാണ്. ഒരു ശതമാനം റോഡ് മാത്രമാണ് നമുക്ക് ഇപ്പോൾ 10 വർഷക്കാലത്തിനിടയ്ക്ക് വർദ്ധിച്ചിട്ടുള്ളത്. പക്ഷേ റോഡപകടം നോക്കുകയാണെങ്കിൽ എത്രയോ ഇരട്ടി വർദ്ധിച്ചു എന്ന് കാണാൻ സാധിക്കും. വാഹനങ്ങളുടെ പെരുപ്പം പരിശോധിച്ചാൽ കേരളത്തിൽ ഒരു വർഷം രജിസ്റ്റർ ചെയ്തിട്ടുള്ളത് 29,49,777 വാഹനങ്ങളാണ്. അതിൽ ടൂ വീലർ 14, 48,000 വരും. ബസ്സുകൾ 79,613 വരും. കേരളത്തിന് അഭിമാനിക്കാവുന്ന ഒരു കാര്യമാണിതെന്ന് നമുക്ക് തോന്നും. വാഹന സാന്ദ്രത ഏറ്റവും കൂടിയ സംസ്ഥാനം കേരളമാണ്. 10 ചതുരശ്രകിലോ മീറ്ററിന് 5958 വാഹനങ്ങൾ ഉണ്ട്. ഒരു ലക്ഷം ജനങ്ങൾക്ക് 7272 വാഹനങ്ങളാണുള്ളത്. എന്നാൽ ദേശീയ തലത്തിൽ നോക്കുകയാണെങ്കിൽ ഒരു ചതുരശ്ര കിലോമീറ്ററിന് 1673 വാഹനങ്ങളുണ്ട്. ഒരു ലക്ഷം ജനങ്ങൾക്ക് 5489 വാഹനങ്ങളാണുള്ളത്. വലിയ ഡെവലപ്ഡ് രാജ്യങ്ങളിലേതുപോലെ വാഹനങ്ങൾ കേരളത്തിൽ ഓടുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. മോട്ടോർ വാഹനങ്ങളുടെ മൊത്തം വളർച്ച നോക്കുകയാണെങ്കിൽ 1992-ൽ 7.08 ലക്ഷമായിരുന്നത് ഇന്ന് 29 ലക്ഷമായി വർദ്ധിച്ചിരിക്കുകയാണ്. നാലിരട്ടിയാണ് കഴിഞ്ഞ 12 വർഷക്കാലം കൊണ്ട് കേരളത്തിൽ വാഹനങ്ങളുടെ വർദ്ധനവിൽ ഉണ്ടായിട്ടുള്ളത്. ഒരു ദിവസം ഇവിടെ രജിസ്റ്റർ ചെയ്യുന്ന പുതിയ വാഹനങ്ങളുടെ എണ്ണം 557 ആണ്. അതിൽ ഇരുചക്ര വാഹനങ്ങൾ 327 ആണ്. ഈ സ്ഥിതി നോക്കുമ്പോൾ നമ്മുടെ രാജ്യത്തിന്റെ ശോചനീയാവസ്ഥ കണക്കിലെടുക്കേണ്ട ഒരു കാര്യമാണ്. ദേശീയ പാതയിലാണ് ഏറ്റവും കൂടുതൽ അപകടങ്ങൾ വരുന്നത്. അതുതന്നെ ഇരുചക്രവാഹനങ്ങളാണ് ഇത്തരത്തിലുള്ള അപകടങ്ങളിൽ പ്രധാനം. ബസ്സും ലോറിയും ആളുകളെ ഇടിച്ച്

9.30 A.M.]

LIBRARY ARCHIVES Kerala Legislative Assembly

കൊന്നശേഷം ഉടൻ തന്നെ കടന്നുകളയുകയാണ്. അർദ്ധരാത്രിയുണ്ടാകുന്ന അപകടങ്ങളിൽ ആളുകൾ അപകടത്തിൽപ്പെട്ടാൽ അവർക്ക് വേണ്ടത്ര മെഡിക്കൽ എയ്ഡ് കൊടുക്കാൻ സാധിക്കുന്നില്ല. നഷ്ടപരിഹാരത്തുകയും ലഭിക്കുന്നില്ല. ദീർഘദൂര ചരക്കുലോറികളാണ് ഇത്തരത്തിൽ നിർത്താതെ പോകുന്നതെന്നാണ് മനസ്സിലാക്കുന്നത്. അമിതവേഗതയും ഓവർടേക്കിംഗും ഡ്രൈവർമാരുടെ മദ്യപാനവും മയക്കുമരുന്നുമെല്ലാം ഇതിനു കാരണങ്ങളാണ്. സ്വകാര്യ ബസ്സുണ്ട്. സൂപ്പർ ഡീലക്സ് ഉണ്ട്, ഫാസ്റ്റുണ്ട്, ലിമിറ്റഡ് സ്റ്റോപ്പുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ പരിചയസമ്പന്നരായിട്ടുള്ള ഡ്രൈവർമാരുള്ളതുകൊണ്ടു പൊതുവേ അപകടം കുറവാണെന്നാണ് മനസ്സിലാക്കുന്നത്. 19 വയസ്സ് ശരാശരിയുള്ള ആളുകൾക്ക് ഹെവി വെഹിക്കിൾ ലൈസൻസ് കൊടുക്കുകയാണ്. മലപ്പുറം ജില്ലയിലെ അപകടത്തിൽ ഏറ്റവും മുമ്പന്തിയിൽ നിൽക്കുന്നത് ചെറുപ്പക്കാരായിട്ടുള്ള ഡ്രൈവർമാരാണ് എന്നാണ് കാണുന്നത്. ഗതാഗത നിയമവും ചട്ടങ്ങളും വ്യവസ്ഥകളുമൊന്നും പാലിക്കുന്നില്ല. ലൈസൻസും രജിസ്ട്രേഷനും പെർമിറ്റും ഫിറ്റ്നെസ് സർട്ടിഫിക്കറ്റുമൊക്കെ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് കൊടുക്കുകയാണ്. അവർക്ക് അതു ഫോളോ അപ്പ് ചെയ്യാനുള്ള ഒരു സംവിധാനവും ഇന്നില്ല. ഡ്രൈവിംഗ് സ്ക്കൂളുകളിൽ പോകാതെ തന്നെ ലൈസൻസ് കിട്ടുന്നു. പഴയ ഡ്രൈവർമാർ ഗുരുനാഥന്മാരുടെ അടുത്ത് പോകുമ്പോൾ അവർ പറയാറുണ്ട്, "വൃദ്ധർ, കുട്ടികൾ, അന്ധർ, ഗർഭിണികൾ എന്നിവർ റോഡ് മുറിച്ച് കടക്കുമ്പോൾ നിങ്ങൾ വണ്ടി നിർത്തണമെന്ന്." ഇപ്പോൾ വണ്ടി നിർത്തുന്ന ഏർപ്പാടില്ല. ഇവരെ കണ്ടാൽ സ്പീഡ് കൂട്ടുന്ന ഒരു മാനസികാവസ്ഥയാണ്. പുലർച്ചെ മൽസ്യം, പച്ചക്കറി എന്നിവ കൊണ്ടുപോകുന്ന ലോറികളാണ് ഏറ്റവും കൂടുതൽ ആക്സിഡന്റുണ്ടാക്കുന്നത്. അതുകൊണ്ട് അടിയന്തരമായി നമ്മുടെ റോഡുകൾ കുരുതിക്കളമാക്കുന്ന, നമ്മുടെ ആളുകളേയും കുടുംബങ്ങളേയും അനാഥരാക്കുന്ന സ്ഥിതിവിശേഷത്തിന് എങ്ങനെ പരിഹാരം കാണാമെന്നതിനെ സംബന്ധിച്ച് ഈ ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട ബാലൻ, കേരളത്തിലെ ജനങ്ങൾക്കെല്ലാം ഉൽക്കണ്ഠയുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. ഗവൺമെന്റും അതിന്റെ ഗൗരവം പൂർണ്ണമായിട്ട് ഉൾക്കൊള്ളുന്നു. കേരളത്തിൽ വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി പല അടിയന്തര നടപടികളും ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്. ഇനിയും ചില പ്രധാനപ്പെട്ട നടപടികൾ ഉണ്ടാകാൻ പോകുന്നു. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2002-ൽ സംസ്ഥാനത്തൊട്ടാകെ 38,762 അപകടങ്ങൾ ഉണ്ടാകുകയും 2792 പേർ മരണപ്പെടുകയും ചെയ്തു എന്നാണ് കണക്ക്. 2003 മേയ്മാസം അവസാനം വരെ 16,293 അപകടങ്ങൾ ഉണ്ടാകുകയും 1222 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ നിരവധിയാണ്. വാഹനങ്ങളുടെ അമിതവേഗത, ഡ്രൈവർമാരുടെ അശ്രദ്ധ, വാഹനങ്ങളുടെ ബാഹുല്യവും തകരാറുകളും, റോഡുകളുടെ അപര്യാപ്തത, കാൽനടയാത്രക്കാരുടെ അശ്രദ്ധ, മദ്യപിച്ച് വണ്ടി ഓടിക്കൽ, മൽസരയോട്ടം, അപകടകരമായ

LIBRARY ARCHIVES Kerala Legislative Assembly

ഓവർടേക്കിംഗ്, സൂചനാ ബോർഡുകളുടെ അപര്യാപ്തത, റോഡ് കുഴിച്ചശേഷം മൂടാതെയിടുക, റോഡ് നിയമങ്ങളുടെ ലംഘനം മുതലായവ പ്രധാനപ്പെട്ട കാരണങ്ങളാണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി പല നടപടികളും വിവിധ വകുപ്പുകൾ പ്രത്യേകമായും സംയുക്തമായും സ്വീകരിച്ചു വരുന്നു. വിവിധ തരം വാഹനങ്ങളുടെ പരമാവധി വേഗത നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ വലിയ ട്രാൻസ്പോർട്ട് വാഹനങ്ങളിലും ബസ്സുകളിലും സ്പീഡ് നിയന്ത്രണ സംവിധാനം ഏർപ്പെടുത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അമിത വേഗത കണ്ടുപിടിച്ച് നടപടികൾ എടുക്കുന്നതിനായി handheld radar-കളുടെ സഹായത്തോടെ വേഗത പരിശോധന നടത്തുന്നുണ്ട്. ഡ്രൈവർമാർ വാഹനങ്ങൾ അശ്രദ്ധമായും അമിതവേഗതയിലും ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ഡ്രൈവർമാർക്കും വാഹന ഉടമയ്ക്കും എതിരേ പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മദ്യപിച്ച് വണ്ടി ഓടിക്കുന്നവരെ ബ്രീത്ത് അനലൈസറിന്റെ സഹായത്തോടെ കണ്ടുപിടിച്ച് നടപടികൾ എടുത്തു വരുന്നു. പക്ഷേ അത്തരക്കാരുടെ എണ്ണം കൂടി വരികയാണ്. അപകട മുന്നറിയിപ്പ് ബോർഡുകളും ആവശ്യമായ സ്ഥലങ്ങളിൽ warning blinkers-ഉം സ്ഥാപിച്ചു വരുന്നുണ്ട്. വണ്ടികളുടെ ഷാഫ്റ്റ് ഒടിഞ്ഞ് നിലത്തുകുത്തി അപകടമുണ്ടാകുന്നതും അതുമൂലമുണ്ടാകുന്ന തീപിടിത്തം ഒഴിവാക്കുന്നതിനുമായി ഷാഫ്റ്റിനടിയിൽ ബ്രാക്കറ്റുകൾ ഘടിപ്പിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് ആവശ്യമുള്ള ബോധവൽക്കരണം നൽകാനും റോഡ് സുരക്ഷാവാരം ആചരിച്ചുവരുന്നു. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കർശനമാക്കിയിട്ടുണ്ട്. ഡ്രൈവർമാരുടെ കഴ്ചശക്തി ഉറപ്പാക്കുന്നതിനായി ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനു മുമ്പ് കാഴ്ച ശക്തി പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്കായി കാഴ്ചശക്തി പരിശോധനകൾ നടത്തി വരുന്നു. റോഡ് സുരക്ഷാ നടപടി പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളിൽ റോഡ് സുരക്ഷാ ബോധവും റോഡ് സുരക്ഷാ നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും നടപടികൾ എടുത്തു വരുന്നു. നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് പരമാവധി പ്രവർത്തനങ്ങൾ നടത്തിയിട്ടും റോഡപകടങ്ങളുടെ തോത് പ്രതീക്ഷിക്കുന്ന തരത്തിൽ കുറയുന്നില്ല എന്നത് ഒരു വസ്തുതയാണ്. വിവിധ റോഡ് സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് പഠനം നടത്താനും നടപ്പിലാക്കാനും അപകടങ്ങളിൽപ്പെട്ടവർക്ക് ട്രോമാ കെയർ ഉൾപ്പെടെയുള്ള അടിയന്തര ചികിൽസാ സഹായവും ധനസഹായവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കുമായി ചുമതലയും അധികാരവും നിജപ്പെടുത്തിക്കൊണ്ട് ഒരു റോഡ് സേഫ്റ്റി അതോറിറ്റി ആവശ്യമാണെന്ന് സർക്കാർ കരുതുന്നതിനാൽ കേരളാ റോഡ് സേഫ്റ്റി അതോറിറ്റി എന്ന പേരിൽ ഒരു അതോറിറ്റിയും അതിന്റെ പ്രവർത്തനങ്ങൾക്കായി ഒരു റോഡ് സുരക്ഷാ ഫണ്ടും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. റോഡ് സേഫ്റ്റി ബിൽ മന്ത്രിസഭ അംഗീകരിച്ചു കഴിഞ്ഞു. അടുത്തുതന്നെ നിയമസഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. പ്രസ്തുത റോഡ് സേഫ്റ്റി അതോറിറ്റി നിലവിൽ വരുമ്പോൾ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നതും തന്മൂലം അപകടങ്ങൾ ഗണ്യമായി കുറഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതുമാണെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു. പക്ഷേ അതോടൊപ്പം നാം എല്ലാവരും സംഘടിതമായി ഈ മംഗത്ത് പ്രവർത്തിച്ച് ഗവൺമെന്റുമായി സഹകരിച്ചുകൊണ്ട് ഇത്തരം വർദ്ധിച്ചുവരുന്ന അപകടങ്ങൾ ഒഴിവാക്കാൻ ശ്രമിക്കണം. ഗവൺമെന്റ് ഏതായാലും ഈ പ്രശ്നത്തിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊള്ളുന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നത്തിന്റെ എല്ലാ ഗൗരവവും ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റിനെക്കൊണ്ട് കഴിയാവുന്ന എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പു നൽകുന്നു.

ശ്രീ. ടി. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഈ പ്രശ്നത്തിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊണ്ടു എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഗവൺമെന്റുതന്നെ മുൻകൈ എടുത്തുകൊണ്ട് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ്, പോലീസ് ഡിപ്പാർട്ടുമെന്റ്, വിദ്യാഭ്യാസ വകുപ്പ്, ബന്ധപ്പെട്ട മോട്ടോർ തൊഴിലാളികളുടെ സംഘടനകളുടെ പ്രതിനിധികൾ എന്നിവരെ വിളിച്ച് ഈ പ്രശ്നത്തെ സംബന്ധിച്ച് ചർച്ചകൾ സംഘടിപ്പിക്കുന്നത് ഉപയോഗപ്രദമായിരിക്കും എന്ന നിർദ്ദേശം ഞാൻ വയ്ക്കുകയാണ്.

മുഖ്യമന്ത്രി : അത് പരിശോധിക്കുന്നതാണ്.

(2) കേന്ദ്ര തൊഴിൽ മന്ത്രാലയം വിദേശത്ത് തൊഴിൽ തേടുന്നവരുടെമേൽ ഏർപ്പെടുത്തിയ അധിക നിയന്ത്രണങ്ങൾമൂലം സംസ്ഥാനത്തെ തൊഴിൽ രഹിതർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം 20 ശതമാനം പ്രവാസികളാണ്. ഗൾഫ് രാജ്യങ്ങളിലുള്ള പ്രവാസികളെ ബാധിക്കുന്ന വളരെ ഗുരുതരമായ പ്രശ്നമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. വിദേശത്ത് ജോലിക്കു പോകുന്ന കേരളീയർക്ക് വിസ നൽകുന്നതിൽ നിലവിലുള്ള നിബന്ധനകളിൽ അടുത്ത കാലത്ത് കേന്ദ്ര ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയം ചില മാറ്റങ്ങൾ വരുത്തി. അത് കേരളത്തിന്റെ താല്പര്യങ്ങൾക്ക് വളരെ എതിരാണ്. ഗ്രൂപ്പ് വിസകൾക്കുമാത്രം ബാധകമാക്കിയിരുന്ന ചില വ്യവസ്ഥകൾ സിംഗിൾ വിസയ്ക്കുകൂടി ഏർപ്പെടുത്തിയതാണ് ഈ പ്രശ്നത്തിന് കാരണമായി വന്നിരിക്കുന്നത്. ഇതിന്റെ ഫലമായി നിരവധി തൊഴിലവസരങ്ങൾ തൊഴിൽ അന്വേഷകർക്ക് കേരളത്തിൽ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഈ ഗ്രൂപ്പ് വിസയ്ക്കു സ്പോൺസർമാരുടെ Original Power of Attorney, Demand Letter, Specimen Employment Contract എന്നീ കാര്യങ്ങളാണ് വേണ്ടത്. ആ നിയമങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റ് പുതിയ നിയമത്തിലൂടെ ഈ സിംഗിൾ വിസയ്ക്ക് impose ചെയ്യുകയാണ്. 70 ശതമാനത്തോളം ആളുകൾ സിംഗിൾ വിസയിലാണ് പോകുന്നത്. നിലവിലുള്ള വ്യവസ്ഥ പുനരാരംഭിക്കുന്നില്ലെങ്കിൽ ഭാവിയിൽ വിദേശത്ത് തൊഴിൽ ലഭിക്കാനുള്ള കേരളീയരുടെ സാധ്യത ഇല്ലാതാകുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇവിടെ ഉണ്ടാകാൻ പോകുന്നത്. അതുപോലെ വിസ നിയമങ്ങളിൽ കേന്ദ്ര ഗവൺമെന്റ് വരുത്തിയ ചില ഭേദഗതികളുണ്ട്. അത് പിൻവലിക്കാൻ ശക്തമായ നടപടികൾ നമ്മൾ സ്വീകരിക്കണം. അതോടൊപ്പം തന്നെ ബ്രിട്ടനിൽ പോകുന്ന ആളുകൾക്ക് വിസ നൽകാനായി ഒരു കോൺസുലേറ്റ്

LIBRARY ARCHIVES Kerala Legislative Assembly